# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5504 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നടപ്പാക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (എ) & (ബി) | ചരക്ക സേവന നികുതി നടപ്പാക്കുന്നതിന് മുമ്പായി ഈ നിയമത്തെപ്പറ്റി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ട ആവശ്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനായി മാതൃകാ ജി.എസ്.ടി നിയമം ആധാരമാക്കിയുള്ള പരിശീലന പരിപാടികളുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫീൽഡ് ഓഫീസർമാർക്കുള്ള നാലാം ഘട്ട പരിശീലനം സംസ്ഥാനമൊട്ടാകെ നടന്നു വരികയാണ്. ഡിസംബർ പകുതിയോടെ ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരള വാണിജ്യ നികുതി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ NACEN (National Academy of Customs, Excise and Narcotics) ഉം ചേർന്ന് സംയുക്തമായാണ് പരിശീലന പരിപാടികൾ നടത്തിവരുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ; | | |
| (സി) | ജി.എസ്.ടി നടപ്പാക്കുമ്പോൾ 2016-17 വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന നികുതി വരുമാനത്തെക്കുറിച്ച് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ജി.എസ്.ടി നടപ്പാക്കുമ്പോഴുള്ള നികുതി നിരക്കുകളെക്കുറിച്ച് ചർച്ചകൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. അതുകൊണ്ട് ലഭ്യമാകുന്ന നികുതി വരുമാനത്തെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ